(സി) അവ പഠിക്കണമെന്ന ആവശ്യം ഉയർന്നിട്ടില്ല.

(ഡി) ഹയർ സെക്കന്ററി അനുവദിക്കുമ്പോൾ ഇത്തരം ആവശ്യം ഉയർന്നു വരികയാണെങ്കിൽ പരിഗണിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഇല്ല.

(ജി) പ്രീഡിഗ്രി വേർപ്പെടുത്തൽ പൂർണ്ണമാകുന്നതോടെ മാത്രമേ കോളേജുകളിൽ നിലവിലിരുന്ന എല്ലാ ഭാഷകളും ഹയർ സെക്കന്റി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനെ കുറിച്ച് തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(എച്ച്) ഇല്ല.

പ്ലസ് ടൂ അദ്ധ്യാപക നിയമനം

28 (1246) ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളസ്ടൂ അദ്ധ്യാപക നിയമനത്തെ സംബന്ധിച്ച് അവസാന ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരെല്ലാം പരീക്ഷയ്ക്കിരിക്കണമെന്ന് പൂർണ്ണമായും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30-12-1999-ലാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) 1995-96 അക്കാഡമിക് വർഷത്തിന് ശേഷം പ്ളസ് ടൂവിൽ അദ്ധ്യാപക നിയമനം ലഭിച്ചവരും, പ്ളസ് ടൂവിൽ പുതിയതായി അദ്ധ്യാപരാകാൻ കാംക്ഷിക്കുന്നവരും പ്രസ്തുത പരീക്ഷ എഴുതേണ്ടതാണ്. എന്നാൽ പി.എച്ച്.ഡി., എം.ഫിൽ., എൻ.ഇ.റ്റി., എം.എഡ്. എന്നിവ പാസ്സായവർ ഈ പരീക്ഷ എഴുതേണ്ടതില്ല.

എഞ്ചിനീയറിംഗ് കോളേജുകളിൽ ഈടാക്കുന്ന ഫീസ്

29 (1255) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ :താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന ഓരോ വിദ്യാർത്ഥിയിൽ നിന്നും ഓരോ ബ്രാഞ്ചിലും ഈടാക്കുന്ന ആകെ ഫീസ് എത്ര രൂപയാണ് ;

(ബി) വിവിധ ബ്രാഞ്ചുകളിലെ ബി.ടെക് കോഴ്സിന് ഒരു വിദ്യാർത്ഥി പഠനം പൂർത്തിയാക്കുമ്പോൾ സർക്കാരിന് ആകെ എന്തു തുക ചെലവാകുമെന്നു വ്യക്തമാക്കാമോ ;

(സി) ഉയർന്ന വരുമാന പരിധിയിൽപ്പെടുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രസ്തുത വിദ്യാർത്ഥികളുടെ പഠനത്തിനായി സർക്കാരിന് ചെലവാകുന്ന തുക ഫീസായി ഈടാക്കുവാനുതകുന്നതരത്തിൽ ഫീസ് ഘടന പുനരാവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly